### അധ്യായം രണ്ട്

# പന്തയകുതിരകൾ

തെംസ് നദിയുടെ തീരത്ത് മഞ്ഞ് പുതിയ ഭൂപടം വരച്ചു. അതിന് അതിരുകൾ ഇല്ലായിരുന്നു. സമയക്രമങ്ങളോ ചരിത്രത്തിന്റെ അവശേഷിപ്പുകളോ ഇല്ലാതെ വെളുത്തുതൂവി അതു മലച്ചു കിടന്നു. കാണാകാണെ അതലിയുന്നത് ആന്റണിയുടെ മനസിനെയും സന്തോഷഭരിതമാക്കി. യുദ്ധം നിലച്ച പ്രഭാതം. കത്തീഡ്രിൽ പള്ളിയിൽ നിന്നു ഉതിർന്നു വീഴുന്ന മണിനാദത്തിന് പതിവില്ലാത്ത ചേതോഹാരിത.

യുദ്ധം അവസാനിച്ചതോടെ ഒരു പ്രളയം വന്നുപോയ സംതൃപ്തി. തളർന്ന മനസുകൾ ശക്തി പ്രാപിച്ചു. മരങ്ങൾ ഇലകളെ പെറ്റു. പുല്ല് കിളിർക്കാത്തിടത്ത് പൂവുകൾ മുളച്ചു. മുള്ളുകൾക്കുള്ളിൽ ഒളിഞ്ഞുനിന്ന മുട്ടകൾ പൂക്കൾ വിരിച്ചു. ചാലായി ഒഴുകിയ തോട്. നദിയിൽ ജലപ്രവാഹം. പള്ളികളിൽ പ്രാർഥനയ്ക്കായി ജനങ്ങൾ തടിച്ചുകൂടി. ദൈവങ്ങളുടെ മുന്നിൽ മെഴുകുതിരികൾ എരിഞ്ഞു. നാടിന്റെ  മുക്കിലും മൂലയിലും സന്തോഷ സമ്മേളനങ്ങൾ. പ്രകൃതി പുഞ്ചിരി തൂകി പുളകമണിഞ്ഞു. ശവഘോഷയാത്രയായ വഴികളിൽ ശോകഗാനത്തിന്, പകരം പ്രേമഗാനങ്ങൾ. വാദ്യമേളങ്ങൾ അന്തരീക്ഷത്തെ ആഹ്ലാദത്തിലാറാടിച്ചു. സൈറന്റെ അപകട മണിക്ക് പകരം പള്ളികളിൽ മണിനാദമുയർന്നു. ജർമനി റഷ്യയെ ആക്രമിക്കാൻ പോയതാണ് ഈ തോൽവിക്ക് കാരണമെന്ന് ജർമൻകാർ വിധിയെഴുതി. അത് അനിവാര്യമായിരുന്നുവെന്നു ചിലരെങ്കിലും വിശ്വസിച്ചു.

നീണ്ടുനിവർന്നു കിടന്ന മൈതാന വീഥികളിലൂടെ രണ്ടു പടുകൂറ്റൻ പന്തയകുതിരകൾ വെള്ളച്ചാട്ടംപോലെ ഭൂമിയുടെ മാറിനെ പിളർന്ന് ഓടുന്നതു ആന്റണി കണ്ണെടുക്കാതെ നോക്കിനിന്നു. മുപ്പതും നാല്പതും മൈലുകളാണ് ഒരു മണിക്കൂറിൽ കുതിരകൾ ഓടിത്തീർക്കുന്നത്. കുതിരകൾക്കു കൃത്യസമയത്ത് ആഹാരം കൊടുത്തില്ലെങ്കിൽ അവർക്ക് ശക്തിയാർജിച്ച് ഓടാനാവില്ല. ആഴ്ചയിൽ മൂന്നു ദിവസങ്ങൾ മൃഗഡോക്ടർമാർ വന്നു കുതിരകളെ പരിശോധിച്ചു വേണ്ട നിർദേശങ്ങൾ കൊടുക്കും. പോഷകഗുണങ്ങളുള്ള ആഹാരവും അവരാണ് നിർദേശിക്കുന്നതും.

പലപ്പോഴും തെല്ലാശ്ചര്യത്തോടെ ആന്റണി കുതിരകളെ താലോലിച്ച് നോക്കിനിൽക്കും. അവയുടെ കുഞ്ചിരോമങ്ങളിൽ തഴുകാനെന്തു ശേലാണ്. ഇരുപത്തിനാല് മണിക്കൂറും ഒരേ നില്പ്. സ്വന്തം കാലിൽനിന്നുള്ള ഉറക്കം. ദൂരെനിന്ന് വന്ന അലിയെ ആന്റണി ആകെയൊന്നു നോക്കി. ഉടുത്തൊരുങ്ങിയാണ് വരവ്.

“നീ എവിടെപോകുന്നു”- ആന്റണി അന്വേഷിച്ചു.

“രാവിലെ, കുതിര വണ്ടിക്കാരൻ ബാങ്ക് റോണാൾഡ് ഹരീസൻ വന്നറിയിച്ചു. തുറമുഖത്ത് ആരോ വരുന്നു. ഞാനും ചെല്ലണമെന്ന്.”

“അതിനൊക്കെ പോകുന്നതു ബാങ്കല്ലേ?”

“എന്തോ എനിക്കറിയില്ല. വൈകിട്ട് ഡിന്നറുണ്ട്. ആന്റണിയോട് ചെല്ലണമെന്നു അറിയിച്ചിട്ടാ അയാൾ പോയത്.” അലി പറഞ്ഞു.

എവിടെയെങ്കിലും ജാക്ക്പോട്ടിൽ കുതിര ജയിച്ചുകാണും. പന്തയകുതിരകൾ ഇവിടെ മാത്രമല്ലല്ലോ, സ്കോട്ട്ലണ്ടിലുമുണ്ടല്ലോ.

“എന്തായാലും നീ പോയിട്ടുവാ. ഞാൻ വൈകിട്ട് വരാം.”

അലി നടന്നകന്നു. വിരഹ ദുഃഖം തളംകെട്ടി നിന്ന മനസിൽ സന്തോഷത്തിന്റെ ഒരു മുളപൊട്ടി. വീണ്ടും മുതലാളിയെ നേരിൽ കാണാൻ അവസരം ലഭിച്ചിരിക്കുന്നു. ഭാര്യയുടെ കാര്യം ഓർമ്മിപ്പിക്കണം. അടിയാൻ യജമാനനോട് യാചിക്കും വിധം യാചിക്കണം. കുടുംബത്തെക്കൂടി എങ്ങനെയെങ്കിലും ഇവിടെയെത്തിക്കണം. മുതലാളി വിചാരിച്ചാൽ അതത്ര പാടുള്ള കാര്യമല്ല.

സൗത്ത് ആംറ്റൺ തുറമുഖത്ത് മധ്യവയസ്കനായ ബാങ്കിനൊപ്പം അലി വിരുന്നുകാരെ പ്രതീ

ക്ഷിച്ചുനിന്നു. കുതിരവണ്ടികൾ ഒന്നിന് പിറകെയൊന്നായി അവിടെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. ആകാശത്ത് കിതക്കുന്ന മേഘങ്ങളെപോലെ യൗവന കൊഴുപ്പുള്ള യുവസുന്ദരിമാർ കുതിര വണ്ടികളിൽനിന്നും പുറത്തിറങ്ങി. അവരുടെ കണ്ണുകൾ വെട്ടിത്തിളങ്ങി, ആരിലും കാമമുണർത്തുന്ന അംഗലാവണ്യമുള്ളവർ. അവരുടെ കണ്ണുകൾ, ചുണ്ടുകൾ ആരെയോ തിരഞ്ഞു വന്നിരിക്കുന്നു. അവരുടെ കൊഴുത്തു തടിച്ച ശരീരഭാഗങ്ങളിൽ ആന്റണിയുടെ കണ്ണുകളുടക്കി.

ജനുവരിയിലെ തണുപ്പിൽ ഇവിടെ കപ്പൽ ഇറങ്ങുമ്പോൾ അഡോൾഫ് ഹിറ്റ്ലറുടെ ബോംബുകളെക്കാൾ പേടിച്ചത് തുള്ളി തുളുമ്പി നിൽക്കുന്ന ഈ മദാലസകളുടെ കൊഴുത്തുരുണ്ട മാറിടങ്ങളായിരുന്നുവെന്നു അയാളറിഞ്ഞു. മനസ്സിന്റെ നിയന്ത്രണം നഷ്ടപ്പെട്ടു പോകുമോയെന്ന വിഭ്രാന്തി. ഇവിടെ തുണിക്ക് ഇത്ര ദാരിദ്ര്യമാണോ? തണുത്തു വിറക്കുന്ന സമയത്തു പോലും ഇത്ര നഗ്നത ആവശ്യമുണ്ടോ? ഉയർന്നു പൊങ്ങിയ മാറിടമുള്ള സ്ത്രീകളെ ആദ്യമായി കാണുകയാണ്. ആരിലും വിസ്മയം ഉളവാക്കുന്ന കാഴ്ച. അവരുടെ മടിയിലും മാറിടത്തിലും ശയിക്കാൻ ഇംഗ്ലണ്ടിൻന്റെ വിവിധ ഭാഗത്തു നിന്നുള്ള പട്ടാളക്കാർ എത്തിക്കൊണ്ടിരുന്നു.

ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ ജീവന്മരണ പോരാട്ടത്തിൽ കഴിയുന്ന പട്ടാളക്കാരൻ തുറമുഖത്ത് ഇറങ്ങിയാൽ അവനെ ലഹരിപ്പിടിപ്പിക്കുന്ന വേഷവിതാനങ്ങളും ശരീരങ്ങളുമില്ലെങ്കിൽ അവനിൽ ആവേശമുണ്ടാക്കാനോ സ്വന്തമാക്കാനോ സാധ്യമല്ല. അവരുടെ വികാരം തുടിക്കുന്ന ശരീരത്തിനാവശ്യം പണമായിരുന്നു.

തുറമുഖത്ത് സ്ത്രീകളുടെ ശരീരത്തിന് വിലയിടുന്നതും ആടുമാടുകളുടെ ലേല വ്യാപാരം പോലെയാണെന്നു ആന്റണിക്കു തോന്നി. ഏറ്റവും കൂടുതൽ പണം കൊടുക്കുന്നവൻ ഏറ്റവും പ്രായംകുറഞ്ഞ സുന്ദരിയുമായി കുതിരവണ്ടിയിൽ പായാം. ശമ്പളത്തിന്റെ ഭൂരിഭാഗവും അതിനായി ചെലവഴിക്കാനും അവർക്കു മടിയില്ല. സ്വന്തം വീടുകൾ അവർക്ക് വേശ്യാലയമാണ്. പണമുണ്ടെങ്കിൽ ഏതിനത്തിൽപ്പെട്ടതിനെയും വാങ്ങാമെന്ന സ്ഥിതി. എങ്ങും കുതിരകളുടെ കുളമ്പടിയൊച്ചകൾ. ദേവകന്യകമാർ എത്തിക്കൊണ്ടിരുന്നു. കപ്പൽ പ്രതീക്ഷിച്ചതുപോലെ കരയ്ക്കണഞ്ഞില്ല. ആന്റണിയുടെ സിരകളിലും വികാരം ഉരുണ്ടുകൂടി. ഉള്ളിൽ വല്ലാത്ത പിരിമുറുക്കം. അയാൾ പെട്ടെന്ന് ഇരുട്ടിൽ ഭാര്യയുടെ നഗ്നത ഓർത്തു. ഒരു സ്ത്രീയെ തനിക്കും വേണം. മുന്നിൽപോയ ഒരു സുന്ദരിയെ നോക്കി ഒരല്പം കിതപ്പോടെയാണെങ്കിലും  അയൊളൊരു പുഞ്ചിരി സമ്മാനിച്ചു.

"പ്രിയപ്പെട്ടവളെ നീ വളരെ വളരെ സുന്ദരിയാണ്." ആന്റണി അവളുടെ സമീപമെത്തി മൊഴിഞ്ഞു.

അവൾ ആ മധുരം നുണഞ്ഞ് ഒന്നു പുഞ്ചിരിച്ചു.

അവളെ ഒന്നു ചുംബിക്കാൻ ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല. ഇടയ്ക്കിടെ അവളുടെ മാറിടത്തിൽ കണ്ണുകൾ മരുഭൂമിയിലെ സമനില തെറ്റിയ ഒട്ടകത്തെ പോലെ ദിക്കറിയാതെ സഞ്ചരിച്ചു. അവളുടെ കണ്ണുകളിൽ പ്രസരിപ്പും പ്രകാശവും ഏറിക്കൊണ്ടിരുന്നു. അയാളുടെ മുഖത്തു സമ്മിശ്ര വികാരങ്ങളുടെ വേലിയേറ്റമുണ്ടായി. അയാൾ കാമം ജ്വലിക്കുന്ന കണ്ണുകളോടെ വശ്യമായി ധൈര്യപൂർവം ചോദിച്ചു. എത്ര പൗണ്ടാണ് നിന്റെ ചാർജ്? അവളുടെ നോട്ടത്തിൽ മനസൊന്ന് പിടഞ്ഞു. എന്താണ് അവളൊന്നും മിണ്ടാത്തത്? ചോദിച്ചതു തെറ്റായോ? ആന്റണി പരിഭ്രമിച്ചു.

"നീ ഇന്ത്യനാണല്ലേ?"

പെട്ടെന്ന് അവൾ തിരിച്ചു ചോദിച്ചു.

ഉടനടി ഉത്തരം കൊടുത്തു.

"അതെ". വെയിൽപോലെ ആന്റണിയുടെ മുഖം പ്രസന്നമായി.

ഒരു രാത്രിക്ക് അഞ്ഞൂറ് പൗണ്ടാണ്."

അയാളുടെ ജീവനുള്ള മുഖം പാവയുടേതു പോലെയായി. എല്ലാ വികാരങ്ങളും തണുത്തുറഞ്ഞു. അവളുടെ ഒരു രാത്രിക്ക് എന്റെ ഒരുവർഷത്തെ ശമ്പളം വേണമല്ലോ. അവൾ കളിയാക്കിയതാണോ? ഒടുവിൽ പറഞ്ഞു.

"നൂറ് പൗണ്ട് തരാം."

അവളുടെ മുഖഭാവം മാറി. മാറിടഭാഗത്തെ കുടുക്കുകൾ മാറ്റി കൊഴുത്തുരുണ്ട മുലകൾ പ്രദർശിപ്പിച്ചു അവൾ പറഞ്ഞു–

“എന്റെ ഒരു മുല കുടിക്കുന്ന തുകയാണത്. ദരിദ്രവാസി ഇന്ത്യൻ.”

എല്ലാ വികാരങ്ങളും തെല്ലൊരമ്പരപ്പോടെ ഉരുകിയൊലിച്ചുപോയി. അവൾ എന്തോ ഉറക്കെ ഉരുവിട്ട് മുന്നോട്ട് നടന്നു.

കപ്പൽ നങ്കൂരമിട്ടു. വിവിധ രാജ്യത്തുനിന്നുള്ള പട്ടാളക്കാർ അവരുടെ പെട്ടിയുമായി പുറത്തേക്കുവന്നു. അവരുടെ കണ്ണുകളിൽ കാമം കത്തിനിന്നു. സുന്ദരിമാർ പലരെയും സമീപിക്കുന്നു. അവരുടെ സിരകളിൽ ചൂടു കൂടിക്കൊണ്ടിരുന്നു. വില പറഞ്ഞ് ഉറപ്പിച്ചവരൊക്കെ സുന്ദരിമാരുമായി നഗ്നപൂർണമായ നഗരങ്ങളിലേക്ക് കുതിരവണ്ടിയിൽ പാഞ്ഞു. ലണ്ടനിൽ വസന്തം വിരിയുകയാണ്. യുദ്ധാനന്തരം കടലിടുക്കിൽ പക്ഷികൾ പറന്നു കളിക്കുന്നു.

സുന്ദരിമാരുടെ തിളങ്ങുന്ന മിഴിയിൽ നോക്കിനിന്ന് മധുരം നുണയാനേ ആന്റണിക്ക് കഴിഞ്ഞുള്ളൂ. ഓരോ മാസവും മൂന്നോ നാലോ പ്രാവശ്യമേ കപ്പലുകൾ നങ്കൂരമിടാറുള്ളൂ. ദൂരനിന്ന് എത്തിയ ബാങ്കുമായി അയാൾ യാർഡിന്റെ ഉള്ളിലേക്ക് നടന്നു. കടലിന്റെ ഇരമ്പലുകൾ അവിടെ പ്രതിധ്വനിച്ചു. പരസ്പരം പുണരുന്നവരുടെയും ചുണ്ടുകൾ കൊരുക്കുന്നവരുടെയും എണ്ണം കൂടിവന്നു. കടലിൽനിന്നുള്ള തണുത്ത കാറ്റ് ആഞ്ഞടിക്കുമ്പോൾ ഒരാശ്വാസം തോന്നി. തുറമുഖത്ത് മധ്യവയസ്കരായ സ്ത്രീകൾ അവശേഷിച്ചു കൊണ്ടിരുന്നു.

തിരികെ ബംഗ്ലാവിലെത്തിയ ആന്റണി ഒരു ചോദ്യചിഹ്നംപോലെ എല്ലായിടവും മിഴിച്ചുനോക്കി. അവിടെ ആരെയും കാണാനായില്ല. മുതലാളിയുടെ കാർ പോർച്ചിലുണ്ട്. ജോലിക്കാർ തിരക്കിട്ട് അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു. വിരുന്നിനു വേണ്ട ഒരുക്കങ്ങളാണ്. ഏതോ വിശിഷ്ട അതിഥി എത്തിയിട്ടുണ്ടാവണം. ഏതോ പ്രഭുകുമാരൻ, അല്ലെങ്കിൽ മറ്റേതെങ്കിലും ജാക്ക്പോട്ട് ഉടമ. അലി സന്ധ്യക്കു മുമ്പ് വരുമെന്ന് കരുതിയെങ്കിലും അവനെത്തിയില്ല. ഏറെ നേരം നോക്കിനിന്നെങ്കിലും ആന്റണിയെ ആരും ശ്രദ്ധിച്ചതേയില്ല, എന്തിനു വന്നു എവിടെ നിന്നു വന്നു എന്നുപോലും അന്വേഷിക്കുന്നില്ല. ഒരു പരിചിത മുഖത്തിനു വേണ്ടി ആന്റണി കണ്ണുകൾ അഴിച്ചിട്ടു. സമയം മണിക്കൂറുകൾക്കു വഴി മാറിയപ്പോൾ മടങ്ങിപ്പോകാൻതന്നെ തീരുമാനിച്ചു. തിരിഞ്ഞു നടക്കുമ്പോൾ മുന്നിലെ കാഴ്ച ആന്റണിയെ അത്ഭുതപ്പെടുത്തി.

പവിഴവല്ലിപൂക്കൾ സൗരഭ്യം വിതറിയ ധന്യനിമിഷങ്ങൾ! മനസ് വീർപ്പ് മുട്ടി. താൻ എന്താണീ കാണുന്നത്. വഴിയരികിലെ ഒരു കാഴ്ചക്കാരനെപ്പോലെ മുന്നിൽ പ്രത്യക്ഷപ്പെട്ട പ്രിയപ്പെട്ടവരെ കണ്ടപ്പോൾ ആന്റണിയുടെ കണ്ണുകൾ വെട്ടിത്തിളങ്ങി. അവിശ്വസനീയം! ജീവിതത്തിന് ഒരു പുനർജന്മമോ?

മനസിൽ ആഹ്ലാദം മഞ്ഞുപൂക്കളായി പെയ്തിറങ്ങി. അവർ ജിജ്ഞാസഭരിതരായി. ബംഗ്ലാവിന്റെ അടുത്തുകൂടി ഒഴുകുന്ന തെംസ് നദിയുടെ നേർത്ത ശബ്ദം. തന്റെ പ്രിയപ്പെട്ടവർ. തന്റെ ഹൃദയവും ആത്മാവും. നാട്ടിൽ നിന്നു ഭാര്യയും കുട്ടികളും. ഓരോ നിമിഷവും എന്തിനു വേണ്ടി കാത്തിരുന്നോ, അതാ അവരിപ്പോൾ മുന്നിൽ. ശ്വാസഗതി ഉയർന്നു. ഉള്ളിൽ വികാരങ്ങൾക്കു ക്രമം തെറ്റി. ആന്റണിക്കു കരച്ചിൽ കനത്തു. അതു സന്തോഷത്തിന്റെ തന്നെയാണെന്നു അയാൾ തീർച്ചപ്പെടുത്തി. എട്ട് വയസുള്ള മകൻ സാനിയോടും ഏഴു വയസുള്ള മകൾ സാറയും ആന്റണിയുടെ അടുത്തേക്കു വന്നു. അവരെ കൺകുളിർക്കെ നോക്കിനിന്നു. കണ്ണെടുക്കാൻ കഴിഞ്ഞില്ല. രണ്ടുപേർക്കും നീളം വച്ചിട്ടുണ്ട്.

“അപ്പാ,“എന്നുള്ള വിളി കാതിനു കുളിർയേകി. മകൾ ഓടിയെത്തി അപ്പനെ കെട്ടിപ്പുണർന്നു. അവരെ നെഞ്ചോട് അമർത്തി കവിളിൽ ചുംബിച്ചു. തലയിൽ തലോടി. മകളുടെ നീലനിറമുള്ള പാവടയും വെള്ളയുടുപ്പും നന്നേ ഇണങ്ങുന്നു. അമ്മയെപ്പോലെ വെളുത്ത നിറം പ്രസന്നത കളിയാടുന്ന മുഖം. പെട്ടെന്നായിരുന്നു– “എന്താ മക്കളെ മതിയോ?“

മേരിയിൽ നിന്നൊരു ചോദ്യമുയർന്നു.

അവളുടെ വിടർന്ന കണ്ണുകളിലേക്ക് ആന്റണി നിമിഷങ്ങൾ നോക്കിനിന്നു.

“മേരീ, എന്താ ഇത് എനിക്കൊന്നും മനസിലാകുന്നില്ല. നിങ്ങൾ എങ്ങനെയെത്തി. ഞാനൊ

ന്നുമറിഞ്ഞില്ലല്ലോ. എന്റെ കരുണാനിധിയായ ദൈവമേ, എന്തനിത്ര പരീക്ഷണം. എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാമോ, ഞാൻ കാണുന്നത് സ്വപ്നമോ, യാഥാർത്ഥ്യമോ...?"

"അപ്പ കപ്പൽ യാത്ര. 21 ദിവസം വിനോദയാത്രപോലെ തോന്നി." ആന്റണിയുടെ വിഹ്വലതകൾക്കു കുട്ടികൾ ചെവി കൊടുത്തില്ല. സാറ യാത്രാവിശേഷങ്ങൾ വിളമ്പി.

"കുതിരവണ്ടിയും നല്ലത്"-സാനിന്റെവക. ഐശ്വര്യം തെളിഞ്ഞുനിൽക്കുന്ന മുഖങ്ങൾ. മേരിയുടെ കൈപ്പടം അയാൾ അമർത്തിപ്പിടിച്ചു. നാണം തുളുമ്പിയ കൺകോണുകളിൽ സന്തോഷത്തിന്റെ വെള്ളിനക്ഷത്രങ്ങൾ.ഒന്ന് കെട്ടിപ്പുണരാൻ മനസ് വെമ്പൽ കൊണ്ടെങ്കിലും ചുറ്റുമുള്ളവർ തങ്ങളെ തന്നെ ശ്രദ്ധിക്കുന്നത് അവരറിഞ്ഞു. ലജ്ജയും സങ്കോചവും അവളെ മൂടിപ്പൊതിഞ്ഞു. അവളുടെ നെറ്റിയിലേക്കു തണുത്ത കാറ്റിലാടിയ മുടിയിഴകൾ ഉതിർന്നുവീണു.

"ഇങ്ങോട്ടു കൂടീയൊന്ന് നോക്കൂ ചേട്ടാ"-

ആന്റണി അത്ഭുതാദരങ്ങളോടെയാണ് അലിയുടെ ഭാര്യ അയിഷയെയും ഏഴുവയസ് പ്രായമുള്ള മകൻ അബുബേക്കറെയും കണ്ടത്.

"അല്ല, നിങ്ങളുമുണ്ടോ?"

അയിഷയുടെ നിഷ്കളങ്കത നിറഞ്ഞ കണ്ണുകളിലേക്ക് നോക്കി ചോദിച്ചു-

"യാത്ര നന്നായിരുന്നോ."

"പടച്ചോന്റെ കൃപകൊണ്ട് ദോഷം ഒന്നും ഉണ്ടായില്ല."

ആന്റണി കുട്ടികളെ വാത്സല്യപൂർവം തലോടി. അലിയെ മുന്നിൽ കണ്ടതോടെ ആന്റണിയുടെ മുഖഭാവം മാറി ഗൗരവത്തിലായി. ഉള്ളിൽ ദേഷ്യം പുകഞ്ഞു.

"എടാ ഹമുക്കേ, നീ എന്താ ഈ കാട്ടിയേ?"

ആന്റണി രോഷത്തോടെ ചോദിച്ചു.

"എന്താ ആന്റണിയേ എന്തുകാട്ടിയെന്നാ."

"ഇവർ വരുന്ന കാര്യം എന്നോട് എന്തുകൊണ്ട് പറഞ്ഞില്ല."

"ഇതേ ചോദ്യമാണ് എനിക്കും ചോദിക്കാനുള്ളത്."

"എന്നോട് ഒരുവാക്ക് പറയാതിരുന്നത് ശരിയായില്ല."

"ഞാൻ എന്തറിഞ്ഞൂന്ന നീ പറയുന്നേ?"

"ഇവർ നാട്ടിൽ നിന്നുവരുന്ന കാര്യം തന്നെ".

"ആ സായിപ്പുമായി അമ്മാവനല്ലേ അടുപ്പം കൂടുതൽ. ഈ കാര്യം പറയാതിരിക്കില്ല."

ആന്റണി ആശ്ചര്യപ്പെട്ടു നിന്നു. ഇവരെ കൂട്ടിക്കൊണ്ടു വരാൻ തുറമുഖത്ത് പോയപ്പോൾ കരുതിയത് ഇവനറിയാമായിരിക്കുമെന്നാണ്. എന്താണ് സംഭവിച്ചത്. ആന്റണി സംശയത്തോടെ ചോദിച്ചു.

"ഇവർ വരുന്നത് നീയും അറിഞ്ഞില്ല എന്നാണോ?"

"അള്ളാഹുവാണേ ഞാനറിഞ്ഞില്ല. തുറമുഖത്തുവച്ച് ഇവരെ കണ്ടപ്പോൾ ഞാനങ്ങ് അമ്പരന്നു പോയില്ലേ."

"നമ്മളറിയാതെ ഇവരെ..."

"അതെ കൊച്ചിയിലെ അനുജൻ സായിപ്പും ലണ്ടനിലെ ചേട്ടൻ സായിപ്പും കൂടി ഒപ്പിച്ച പണിയാ. അവരല്ലേ ലോകം ഭരിക്കുന്നത്. ആരെയും വളർത്താം. ആരെയും കൊല്ലാം. ഇങ്ങനെ എത്രെ പെണ്ണുങ്ങളെ നാടു കടത്തിക്കാണും. ആർക്കറിയാം."

"നീ പറഞ്ഞത് ശരിയാണ്. അവർക്ക് ആരെയും എങ്ങോട്ടും കയറ്റി അയയ്ക്കാനും കയറ്റിയിറക്കാനുമുള്ള അധികാരമുണ്ട്. എന്നാൽ ഇവരെ ഇവിടെ എത്തിച്ചത് അവരുടെ നല്ല മനസുകൊണ്ടു തന്നെയെന്നാണ് എന്റെ വിശ്വാസം."

"ചേട്ടന്റെ വിശ്വാസം ചേട്ടനെ രക്ഷിക്കട്ടെ. എനിക്കിതത്ര ശരിയായി തോന്നുന്നില്ല." പുച്ഛസ്വരത്തിൽ അലി പറഞ്ഞു.

പ്രിയപ്പെട്ടവരുടെ വരവിൽ അലി തൃപ്തനല്ലെന്നു ആന്റണിക്കു തോന്നി. തുറമുഖത്ത് അവരെ കണ്ടു തുടങ്ങിയ നിമിഷം മുതൽ അലിയുടെ മനസ് കലങ്ങിമറിയാൻ തുടങ്ങി. ഭാവിയെപ്പറ്റി വ്യക്തമായൊരു കാഴ്ചപ്പാട് അലിക്കുണ്ടായിരുന്നു. എല്ലാ ലക്ഷ്യങ്ങളെയും തകിടം മറിച്ചത് പെട്ടെന്നായിരുന്നു.

വികൃതമായ ഈ ലോകത്ത് എന്തെല്ലാം കാപട്യങ്ങളാണ് നടമാടുന്നത്. ഇനിയും ഒഴുക്കിനൊത്ത് നീന്തുകയേ നിവൃത്തിയുള്ളൂ. സ്വന്തം ഭർത്താക്കന്മാരറിയാതെ ഭാര്യമാരെ കടത്തിക്കൊണ്ടു പോകുക എന്തൊരു വൃത്തികേടാണ്. ഭാര്യയുടെ മേൽ ഭർത്താവിനു ഒരു നിയന്ത്രണവുമില്ലേ. എന്തൊരു ലോകം?

ഇത് മറ്റൊരു അടിമത്വ വ്യവസ്ഥിതിയുടെ മുഖമാണ് കാട്ടുന്നത്. കൈയൂക്കുള്ളവൻ കാര്യക്കാരനെന്നപോലെ അധികാരമുള്ളവന് ആരെയും എപ്പോഴും തടവുകാരാക്കി തുറുങ്കിലടക്കാം. കാലത്തിന്റെ വികൃതവ്യവസ്ഥാരീതി. മൺമറഞ്ഞ ശ്മശാന മണ്ണിനെപ്പറ്റി ഓർക്കാതിരിക്കുന്നതാണ് നല്ലത്. പട്ടിണിയെന്ന മഹാദുരന്തത്തിൽ നിന്ന് കരകയറാൻ ഒരവസരം ലഭിച്ചുവെന്നത് സത്യമാണ്. അതിനെയൊരു മുരടിച്ച മനസുമായി എന്തിന് തുലനം ചെയ്യണം. സ്വന്തം ഭാര്യയും കുഞ്ഞുങ്ങളും അടുക്കലെത്തിയപ്പോൾ സന്തോഷിക്കയല്ലേ വേണ്ടത്? അവരുടെ വരവിൽ ഇത്ര വ്യാകുലപ്പെടാൻ എന്തിരിക്കുന്നു. എല്ലാവരും സന്തോഷത്താൽ നിറകുടമായി നിൽക്കുമ്പോൾ ആ സന്തോഷത്തെ ഊതി കെടുത്തരുത്. സ്വന്തം മനസിനെ ഏകാഗ്രമാക്കാൻ കഴിയുന്നില്ലെങ്കിൽ അതിനുത്തരവാദി ഭാര്യയാണോ? ഈ മണ്ണിൽ മുഖംമൂടിയണിഞ്ഞ ആണും പെണ്ണും ധാരാളമായി ജീവിച്ചിരുപ്പുണ്ടോ. ഓരോരുത്തരും മുഖംമൂടി അണിഞ്ഞത് മറ്റൊരാളെ നന്നാക്കാനോ നേരെയാക്കാനോ അല്ല. മറിച്ച് സ്വന്തം വ്യാമോഹങ്ങൾക്കും സ്വാർത്ഥ താല്പര്യങ്ങൾക്കും വേണ്ടി മാത്രമാണ്. ഇപ്പോഴുള്ള അങ്കലാപ്പ് താൻ അണിഞ്ഞിരിക്കുന്ന മുഖംമൂടി അഴിക്കുമോ എന്ന ഭയമല്ലേ?

ഉള്ളിൽ പോർവിളികൾ ഉയരുന്നത് സ്വന്തം സ്വാർത്ഥത മൂലമാണ്. ജീവിതത്തെപ്പറ്റി ഉന്നതമായ ലക്ഷ്യബോധം ഉണ്ടായിരുന്നുവെങ്കിൽ മറ്റൊരു സ്ത്രീയുമായുള്ള അവിഹിതബന്ധം ഇവിടെ കരുപ്പിടിപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നോ? അടിമത്വത്തെപ്പറ്റി സ്വാതന്ത്ര്യത്തെപ്പറ്റി സവിസ്തരം ചിന്തിക്കുന്ന വ്യക്തി സ്വന്തം ഭാര്യ ജീവനോടിരിക്കെ ഈ രാജ്യക്കാരെപ്പോലെ മറ്റൊരു സ്ത്രീയിൽ അധിനിവേശം നടത്തുകയല്ലേ ചെയ്തിരിക്കുന്നത്. സ്വന്തമായി ഒരു രാജ്യമുള്ളപ്പോൾ മറ്റൊരു രാജ്യത്തെ കീഴ്പ്പെടുത്തുന്നതും ഇതേ അധിനിവേശ ചിന്ത മുളക്കുന്നതുകൊണ്ടല്ലേ? നാം തന്നെയാണ് ജീവിതത്തെ ഇരുൾ നിറഞ്ഞ പാതയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നത്. അലിയുടെ മനസ്സ് പന്തയക്കുതിരകളെ പോലെ പാഞ്ഞു. ചുറ്റുമുള്ളവർ പറയുന്നതും ചോദിക്കുന്നതുമൊന്നും അയാൾ കേട്ടില്ല. അയാൾ മകനെ കണ്ടില്ല, ഭാര്യയെ കണ്ടില്ല. ലണ്ടൻ നഗരത്തിന്റെ രാത്രി അയാളുടെ മനസ്സിനെ പുണർന്നു നിന്നു.

ഓട്ടക്കളത്തിൽ മത്സരിക്കുന്ന രണ്ടു കുതിരകളുടെ പരിപൂർണ ചുമതല അലിക്കാണ്. ആന്റണിക്ക് വീട്ടുപണിയില്ലാത്ത ദിവസങ്ങളിൽ ഒപ്പം കൂടാറുണ്ട്. കുതിരകളെ ഓട്ടക്കളത്തിൽ പരിശീലിപ്പിക്കുന്നതും രണ്ട് ഇംഗ്ലീഷുകാരാണ്. ആ കുതിരപുരയിലുള്ള മറ്റ് രണ്ടു കുതിരകളെ ഓട്ടക്കളത്തിലിറക്കണമെങ്കിൽ ഇനിയും ഒരുവർഷം കൂടി പരിശീലിപ്പിക്കണം.

കുതിരകളെ പരിശീലിപ്പിക്കുന്നത് സുന്ദരിയായ പൂച്ചകണ്ണുകളോടു കൂടിയ കരോളിനാണ്. ഓട്ടക്കളത്തിലേക്കുള്ള ആദ്യ പാഠങ്ങളാണ് കരോളിൻ മൈക്ക് വെൽ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. അവളുടെ സഹായത്തിനായി അലി എപ്പോഴും ഒപ്പമുണ്ടാകും. കുതിരകൾ മേഞ്ഞു നടക്കുമ്പോൾ അതിനെ ശ്രദ്ധിക്കേണ്ട ചുമതല അലിക്കാണെങ്കിലും അവന്റെ ശ്രദ്ധ സൂര്യന്റെ ചൂടേറ്റ് പച്ചപ്പുല്ലിൽ നിവർന്ന് കിടക്കുന്ന കരോബിന്റെ നഗ്നമേനികളിലായിരുന്നു. അവളുടെ കിടപ്പ് അവൻ കൗതുകത്തോടെ നോക്കിനില്ക്കും. ഉള്ളിൽ ദാഹിച്ചുവലയുന്ന വികാരത്തിനു അതൊരു ആശ്വാസമായിരുന്നു.

മഴചാറ്റൽ ഇടയ്ക്കിടെ ഉണ്ടാകാറുണ്ടെങ്കിലും ഒരുദിനം ദാഹമടക്കാനായി മഴ ആർത്തിയോടെ മണ്ണിലേക്കു പെയ്തിറങ്ങി. ആകാശത്തുനിന്നും കുത്തിയൊലിച്ചെത്തിയ മഴ അലിയുടെ കുടക്കീഴിൽ അവളെ അടുപ്പിച്ചു. അവളുടെ കരശ്പർശം അവന്റെ ശരീരത്തിലൂടെ പ്രസരിച്ചു. രോമകൂപങ്ങൾ എഴുന്നുനിന്നു. മനസ് ഇളകിയാടി. സ്വർണനിറമുള്ള അവളുടെ കണ്ണുകളിൽ വികാരത്തുടി

പ്പുണ്ടായി. ചുണ്ടുകൾ ഞെരിഞ്ഞമർന്നു. അടുത്തുള്ള മരക്കാട്ടിനുള്ളിൽ പാമ്പുകളെപ്പോലെ അവർ ഇണചേർന്നാടി. പുകഞ്ഞുനിന്ന അവന്റെ വികാരത്തെ അവൾ ആളികത്തിച്ചു. കോരിച്ചൊരിയുന്ന മഴയിൽ അവരുടെ ശരീരം ഒന്നായി. മഴ മണ്ണിനെ അറിഞ്ഞു. അവരുടെ വികാരസാന്ദ്രതയിൽ മഴ വെള്ളവും ഒലിച്ചിറങ്ങി. ഒരു ജലപ്രളയമായി എല്ലാം ഒരു ഉൾക്കിടലത്തോടെയാണ് അനുഭവിച്ചത്.

ഇപ്പോഴിതാ മുന്നിൽ സുന്ദരിയായ ഭാര്യ ഉടുത്തൊരുങ്ങി നില്ക്കുന്നു. മറ്റൊരു ഭാഗത്ത് കാമുകി കരോളിൻ ഒരു ജ്വാലപോലെ ഉള്ളിലിരുന്ന് ജ്വലിക്കുന്നു.കുതിര ശക്തിയുള്ള കരോളിൻ തന്റെയുള്ളിൽ മദനോത്സവമാടുമ്പോൾ അവിഹിത ബന്ധം പുലർത്തുന്ന ഏതൊരു പുരുഷനും ഇങ്ങനെയൊരു ഭീതിയും ദയവും ഉണ്ടാകുക സ്വാഭാവികമാണ്. മനസിനെ ഞെരിച്ചുകൊല്ലുന്ന ചിന്തകളുമായി നില്ക്കേ അടുത്തൊരു കുളമ്പടിനാദം കേട്ടു. തിരിഞ്ഞുനോക്കി. പീറ്റർ മുതലാളി.

നെറ്റിയിൽ കുങ്കുമപൊട്ടും കസവു സാരിയുമുടുത്ത് നടന്നു മറയുന്ന മനയ്ക്കൽ തറവാട്ടിലെ സുന്ദരിയെപ്പോലെ നെറ്റിയിൽ കറുത്ത പൊട്ടുള്ള വെള്ളകുതിരയുടെ പുറത്തുനിന്നും ഇറങ്ങുന്നു. ഒരു കറുത്ത ആഫ്രിക്കൻ യുവാവ് ഓടിയെത്തി കടിഞ്ഞാൺ വാങ്ങി ബംഗ്ലാവിന്റെ ഒരു കോണിയുടെ പിറകിലേക്കു നടന്നു. എല്ലാവരും ആ കാഴ്ച കണ്ടുനിന്നു. പീറ്റർ അകത്തേക്ക് പോയി. ഒരാത്മമിത്രത്തെപ്പോലെ തന്നെ കാണുന്ന ആന്റണി ഒരുനിമിഷം അദ്ദേഹത്തെ മനസിലോർത്തു.

ഘോരയുദ്ധത്തിൽ തകർന്നുപോയ വീടുകളുടെ സ്ഥാനത്ത് പുതിയവീട് തീർക്കുന്ന ജോലിയാണ്. എപ്പോഴും ഹൃദയം നിറയെ സ്നേഹവും കാരുണ്യവും ചൊരിയുന്ന ഒരു വലിയ മനസിന്റെ ഉടമ. ഭൂമിയിലെ ധാരാളം ധനാഢ്യൻമ്മാർ സമ്പത്ത് കുന്നുകൂട്ടി വയ്ക്കുമ്പോൾ പാവങ്ങളുടെ ആവശ്യങ്ങളറിഞ്ഞു സഹായിക്കുന്ന ദാനശീലൻ. അധ്വാനിക്കുന്ന തൊഴിലാളി വർഗത്തിന് അദ്ദേഹം ഒരു ആരാധ്യ പുരുഷനാണ്. സ്വന്തം ബംഗ്ലാവിൽ പോലും ആഹാരമുണ്ടാക്കുന്നവർക്കൊപ്പം നിന്ന് ആഹാരമുണ്ടാക്കി അവർക്കൊപ്പമിരുന്ന് ആഹാരം കഴിക്കുന്ന പ്രകൃതം. ഭാര്യ നോറിൻ മക്കൾ പാർക്കുന്ന സ്കോട്ട്ലന്റിൽ പോയിരിക്കുന്നു. രണ്ടുദിവസം കഴിഞ്ഞേ മടങ്ങിവരൂ. അവിടെയുള്ള രണ്ട് ആൺമക്കൾക്കാണ് അവിടുത്തെ കുതിരകളുടെ ചുമതല. അവിടുത്തെ കുതിരകളുടെ പങ്കാളിത്തം മേജർ വില്യത്തിനുമുണ്ട്.

പീറ്ററിന്റെ ജീവിതത്തിലെ ഏറ്റവും വലിയ ബലഹീനത എന്തെന്ന് ചോദിച്ചാൽ ഒറ്റ ഉത്തരമേ അതിനുള്ള കുതിരപ്പന്തയം. കൂട്ടുകാർ പലരും ചൂതുക്കളിക്കാരുണ്ടെങ്കിലും വളരെ അപൂർവമായിട്ടേ പീറ്ററിനെ അവിടെ കാണാറുള്ളൂ. യൂറോപ്പിൽ ഏതൊരു രാജ്യത്തും കുതിര പന്തയുമുണ്ടായാലും അവിടെ പീറ്ററിന്റെ കുതിരകളുണ്ടായിരിക്കും. പീറ്ററിന്റെ ഈ അതിമോഹം മറ്റ് രാജ്യക്കാർക്കും സംതൃപ്തി നല്കുന്നില്ല. ഉള്ളിൽ പകയും അസൂയയുമുണ്ടെങ്കിലും അതൊന്നും അവർ പുറമെ കാട്ടാറുമില്ല. പന്തയത്തിൽ സ്വന്തം കുതിര ജയിച്ചാൽ ലഭിക്കുന്ന തുകയുടെ പകുതി മാത്രമെ സ്വന്തം കാര്യത്തിനും തൊഴിലാളികൾക്കായും എടുക്കാറുള്ളൂ. ബാക്കിവരുന്ന പകുതി തുക പാവങ്ങളുടെ ഉന്നമനത്തിനായി ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ക്രിസ്തീയ മിഷനറിമാർക്ക് സംഭാവനയായി നല്കുന്നു. ഈ സഹായധനം പീറ്റർ തുടങ്ങിയതല്ല. അദ്ദേഹത്തിന്റെ പിതാമഹന്മാർ നൂറ്റാണ്ടുകളായി തുടരുന്ന സേവനമാണ്. പീറ്ററിന്റെ അനുജൻ മേജർ വില്യം സ്കോട്ടും വരുമാനത്തിൽ നിന്ന് കൊച്ചിയിലുള്ള പാവങ്ങളെ സഹായിക്കാറുണ്ട്. ആന്റണി അതിന്റെ മേൽനോട്ടം വഹിച്ചവരിൽ ഒരാളായിരുന്നു. മറ്റുള്ളവരുടെ ദുഃഖങ്ങളിൽ പങ്കുചേരുക സന്തോഷമുള്ള കാര്യമെന്ന് കഴിഞ്ഞ വർഷത്തെ ക്രിസ്മസ് സന്ദേശത്തിൽ പീറ്റർ പറഞ്ഞു. അധികാരമെന്നും പാവങ്ങളെ ബന്ധിക്കുമ്പോൾ പീറ്ററാകട്ടെ അതെ അധികാരംകൊണ്ടു തന്നെ പാവങ്ങളെ സ്വതന്ത്രരാക്കുന്നു.

ആന്റണിയുടെ മനസ് സന്തോഷത്താൽ തുള്ളിച്ചാടുകയായിരുന്നു. ആരോടാണ് നന്ദി പറയേണ്ടത്. ദൈവത്തോടോ അതോ മുതലാളിയോടോ? ഏതോ അദൃശ്യശക്തി കാലത്തോടെ ആജ്ഞാപിക്കുന്നു. മനുഷ്യന് നന്മയും തിന്മയും അവന്റെ പ്രവൃത്തിക്കനുസരിച്ച് ധാരാളമായി കൊടുക്കുക. നന്മകൾ ലഭിക്കുന്നവർ ഭാഗ്യമുള്ളവർ! മുതലാളിയോട് എങ്ങനെ നന്ദി പറയണമെന്ന് ആലോ

ചനയിലാണ്ടു നില്ക്കുമ്പോഴാണ് അറുപത് വയസ് പ്രായവും മൊട്ടത്തലയുമുള്ള കുതിരവണ്ടിക്കാരൻ ബാങ്ക് വന്നറിയിച്ചു.

''നിങ്ങളെ പീറ്റർ വിളിക്കുന്നു.''

അവർ ബംഗ്ളാവിലെ വലിയ സ്വീകരണമുറിയിലെത്തി. കുട്ടികൾ അതിനുള്ളിലെ മരങ്ങളിലുണ്ടാക്കിയ കലാവിരുന്ന് കണ്ട് രസിച്ചു. ഏതോ ഒരു രാജസദസിലെത്തിയ പ്രതീതി.

പീറ്റർ ചിത്രപണികളാൽ മനോഹരമായ ആഢ്യത്വം നിറഞ്ഞ ഒരു കസേരയിൽ ഇരിക്കുന്നു. ചുണ്ടിൽ ഒരു പൈപ്പ്. അതിൽനിന്ന് പുക ഉയരുന്നു. അവർ ആ പ്രൗഢമായ മുഖത്തേക്ക് ഇമവെട്ടാതെ നോക്കിനിന്നു. ആന്റണി കൈകൂപ്പിക്കൊണ്ട് തന്നോട്ടു കാട്ടിയ മഹാമനസ്കതയ്ക്കു നന്ദി പറഞ്ഞു. പീറ്റർ കസേരയിൽനിന്ന് എഴുന്നേറ്റ് അവരുടെ അടുത്തേക്ക് വന്നു. സ്വന്തം കുടുംബത്തിലെ കാരണവരെപ്പോലെ കുട്ടികളെ ആശിർവദിച്ചു. പഠിച്ചു മിടുക്കരായി ജനങ്ങളെ സേവിക്കണമെന്നു ഉപദേശിച്ചു.

''നിങ്ങൾ എന്നോടു ക്ഷമിക്കണം. ഞാനൊരു തെറ്റു ചെയ്തു.''

അവർ ആ മുഖത്തേക്കു സൂക്ഷിച്ചു നോക്കി.

''ക്ഷമചോദിക്കാൻ അങ്ങ് ഞങ്ങളോട് എന്തു തെറ്റാണ് ചെയ്തത്. എത്ര ആലോചിച്ചിട്ടും മനസിലായില്ല.''

ആന്റണി പറഞ്ഞു. പീറ്റർ ഒന്നും മിണ്ടിയില്ല. പകരം ആ മുഖത്ത് ചിരി തൂകി.

''അങ്ങ് എന്തിനാണ് ഞങ്ങളോട് ക്ഷമ ചോദിക്കുന്നത്.''

''നിങ്ങളുടെ അനുവാദമില്ലാതെ ഇവരെ നിങ്ങളുടെ അടുക്കൽ എത്തിച്ചു.''

ആന്റണി മിഴിച്ചുനോക്കി.

"ആയ്യോ അങ്ങനെ പറയരുത്. ഞങ്ങളുടെ ജീവിതത്തെയാണ് അങ്ങ് പരാജയപ്പെടുത്തിയത്."

"ഇതുഞാൻ നിങ്ങൾക്കായി കരുതിവച്ച സമ്മാനമാണ്."

ആന്റണിയുടെ മുഖത്തേക്ക് നോക്കിപറഞ്ഞു.

എല്ലാവരും കണ്ണെടുക്കാതെ നോക്കി. ഫ്രാൻസിൽ നടന്ന രാജാക്കന്മാരുടെ കുതിരപ്പന്തയത്തിൽ നമ്മുടെ സ്വർണ്ണക്കിരീടവുമായിട്ടാണ് കുതിര വിജയിച്ചത്. ആ കുതിരയെ രാവും പകലും പരിചരിച്ചത് നിങ്ങളാണ്. അതിനു ഞാനെന്നും നിങ്ങളോട് കടപ്പെട്ടിരിക്കുന്നു. തന്റെ അഞ്ഞൂറോളം കുതിരകളെ സേവിക്കുന്നവർ ധാരാളമാണ്. അവരിൽ ഏറ്റവും നല്ല സേവകരായി ഞാൻ കണ്ടത് നിങ്ങളെയാണ്. അതിനൊരു പ്രത്യുപകാരമായി ഞാൻ കണ്ടമാർഗം ഇതുമാത്രമാണ്. എന്റെ അനുജൻ വില്യത്തെ ഞാനീ കാര്യം അറിയിച്ചിരുന്നു. അവൻ നിങ്ങളെ ഇവിടെ എത്തിക്കാൻ വേണ്ടതൊക്കെ ചെയ്തു. ഇന്ത്യയിൽനിന്നുള്ള പേപ്പറുകൾ ഒക്കെ സൂക്ഷിച്ചു കൊൾക. ഇന്നത്തെ അത്താഴസദ്യ നിങ്ങൾക്ക് എന്റെ ഒപ്പമാണ്. നിങ്ങളുടെ സന്തോഷമാണ് ഞാനും ആഗ്രഹിക്കുന്നത്. ആ മുഖം സന്തോഷത്താൽ നിറഞ്ഞതും കണ്ണുകളിൽ ദയ, സ്നേഹം, അഭിനന്ദനത്തിന്റെ പ്രകാശം ചൊരിഞ്ഞതും അവർ കണ്ടു.

അകലെനിന്ന ബാങ്കിനെ വിളിച്ചിട്ടു പറഞ്ഞു:

''ഊണ് കഴിഞ്ഞ് ഇവരെ വീടുകളിൽ എത്തിക്കണം.''

അയാൾ അനുസരിച്ചു. പീറ്ററിന്റെ സ്നേഹം തുളുമ്പിയ വാക്കുകൾക്ക് മുന്നിൽ അവർ നിശബ്ദരായി നിന്നു.

അലിയുടെ ഉള്ളം കനത്തു തുടുത്തു. പീറ്ററിന്റെ വാക്കുകളെക്കാൾ ആന്റണിയുടെ മനം മറ്റേതോ അതിരുകൾ തിരയുകയായിരുന്നു.

പീറ്റർ അകത്തേക്ക് പോയി. പൈപ്പിൽ നിന്ന് വന്ന ചുരുളൻ പുക അവിടെ ചിലന്തിവലകൾ സൃഷ്ടിച്ചു. സന്തോഷത്തിന്റെ നിമിഷാർദ്ധങ്ങളിൽ ആന്റണിയും അലിയും ഒന്നും ഉരിയാടിയില്ല. അന്നത്തെ രാത്രിക്കു സുഖമുള്ള തണുപ്പാണെന്നു ആന്റണിക്കു തോന്നി. അയാൾ മക്കളെ കെട്ടിപ്പിടിച്ച് ഇരുന്നു. സ്വർഗത്തിലെ ഏറ്റവും വലിയ ഭാഗ്യവാൻ താനാണ്. തനിക്കു മാത്രമായാണ് ദൈവം ഈ സുവർണനിമിഷം ഒരുക്കിയിരിക്കുന്നത്. അയാൾ ഓരോ നിമിഷവും ദൈവത്തിനു

നന്ദി പറഞ്ഞു.

തണുപ്പിന്റെ വേലിയേറ്റത്തിനു മുമ്പ്, രാത്രി എട്ടുമണിക്ക് പീറ്ററിനൊപ്പം അവർ വിഭവസമൃദ്ധമായ സദ്യ കഴിച്ചു. ജീവിതത്തിൽ ആദ്യമായിട്ടാണ് ഇത്രമാത്രം വിഭവങ്ങളും ഭോജനശാലയും മേരിയും അയിഷയും കാണുന്നത് തന്നെ. ആന്റണി സന്തോഷം കൊണ്ട് ഒന്നും കഴിച്ചില്ല. മനസാകെ അസ്വസ്തമായിരുന്നതു കൊണ്ടു അലിയും പാത്രത്തിൽ വെറുതെ വിരലുകൾ നീക്കിയതേയുള്ളു.

### അധ്യായം – മൂന്ന്

# വസന്തസ്വർഗം

കുതിരവണ്ടിയിൽ നിന്നുമിറങ്ങിയ ആന്റണി വിസ്മയത്തോടെ ചുറ്റുപാടുകൾ നോക്കി. എവിടെയാണിത്? മനസിന്റെ ആഴങ്ങൾ കടൽപോലെ തിളച്ചുമറിഞ്ഞു. തുറന്നിട്ട വാതിലൂടെ കാറ്റ് മുറിക്കുള്ളിൽ മേഞ്ഞുനടന്നു. ബാങ്ക് വീടിന്റെ താക്കോൽ ആന്റണിയെ ഏൽപ്പിച്ചു. അലി കുടുംബത്തെ കൊണ്ടുവരാനായി അയാൾ മടങ്ങിപ്പോയി. ഇതുപോലൊരു ഭവനം അലിക്കുമുണ്ട്. കുതിരവണ്ടി മുന്നോട്ട് പോയി.

ആന്റണി കതക് തുറന്നു. ഭിത്തിയിലെ സ്വിച്ചിൽ വിരലമർത്തി. മുറിയിൽ പ്രകാശം പരന്നു. മാനത്തെ മാരിവില്ലുപോലെ മുറിക്കുള്ളിലെ എല്ലാ ബൾബുകളുടെയും കണ്ണുകളും വിരിഞ്ഞു. മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ജീവിച്ചവർ മുറിയാകെ പ്രകാശിച്ചു നില്ക്കുന്നത് കണ്ട് സ്തംഭിച്ചു നിന്നു. ഇതെല്ലാം തങ്ങളുടേതാണോ?

സാറ അമ്മയോട് ചേർന്നു നിന്നു. എല്ലാം അവിശ്വസനീയം. ജീവിതത്തിൽ ആദ്യമായിട്ടാണ് ഇത്ര മനോഹരമായ വീട് കാണുന്നതും നിറഞ്ഞൊഴുകുന്ന പ്രകാശം കാണുന്നതും. അവർ അത്ഭുതമൂറുന്ന കണ്ണുകളോടെ എല്ലായിടവും നടന്നുകണ്ടു. ഓരോ മുറിയിലെ വൈദ്യുതി തെളിയുമ്പോൾ സാറാ അമ്മയോട് ചേർന്നു നിന്നു.

പുറത്ത് മേഘങ്ങൾ മഴ പെയ്യാൻ വിതുമ്പി. ആന്റണിയുടെ മനസ്സിലും. മഴ കരച്ചിലായി. മഴ മുറ്റത്ത് തേങ്ങി, വിതുമ്പി. ഒരിരമ്പലോടെ സന്തോഷത്തോടെ മഴ ഓർമ്മകളില്ലാതെ പൊട്ടിക്കരഞ്ഞു പെയ്തു. ഇവിടുത്തെ മഴക്കൊപ്പം ഇടിയും മിന്നൽപ്പിണരുകളുമില്ലേ എന്നതായിരുന്നു സാനിക്ക് അറിയേണ്ടത്. തീക്കനൽപോലുള്ള മിന്നൽ ഇവിടെയില്ലെന്ന് ആന്റണി പറഞ്ഞു. നാട്ടിലെപോലെ ചൂളമടിച്ച് പെയ്യുന്ന മഴയുമില്ല. നാട്ടിലെ കോരിച്ചൊരിയുന്ന പെരുമഴ കാണാൻ എന്തഴകാണ്. ഈ മഴയ്ക്ക് ഒരു ലാസ്യതയാണ്. ഭൂമിയെ കെട്ടിപ്പുണരുന്ന വൈകാരികത.

മുറികൾ എല്ലാം അടുക്കും ചിട്ടയോടും ഇട്ടിരിക്കുന്നു. മുകളിൽ മൂന്ന് മുറികൾ. താഴെയും മുകളിലും കക്കൂസ് മുറികൾ. എല്ലാ മുറിക്കും കുളിമുറികൾ. താഴത്തെ നിലയിൽ തീൻമേശക്കു ചുറ്റും കസേരകൾ. സ്വീകരണമുറി. ഭിത്തിയോട് ചേർന്ന് അലമാരകൾ. മേരിയും ആന്റണിയും ആനന്ദതിമിർപ്പിലായിരുന്നു. എന്തെല്ലാം വിസ്മയങ്ങൾ. ഭാര്യയും മക്കളും കാലുകുത്തിയ ദിനം തന്നെ സ്വന്തമായ ഭവനവും ലഭിച്ചിരിക്കുന്നു.

ഇതൊക്കെ അപ്രതീക്ഷിതങ്ങളാണ്. ജീവിതത്തിലെ എല്ലാ സൗഭാഗ്യവും അപ്രതീക്ഷിതങ്ങളാണ്. മേരിയോടു കുട്ടികളെ കുളിപ്പിക്കാൻ പറഞ്ഞിട്ട് ആന്റണി താഴത്തെ നിലയിലേക്ക് ഇറങ്ങിവന്ന് തവിട്ട് നിറത്തിലുള്ള ഒരു സോഫയിലിരുന്നു. വീടിന് ചുറ്റും മഴ ആടിപ്പാടി പെയ്തുകൊണ്ടിരുന്നു. ജീവന്റെ ആയുസിന് അതിർവരമ്പുകളില്ലാത്തതുപോലെ ജീവിതവും അനന്തമായി കിടക്കുന്നു.

വയൽ വരമ്പുകളിൽ വിയർപ്പൊഴുക്കിയവരുടെ വിശപ്പും ദാഹവും നഗരങ്ങളിൽ പുളകമണിഞ്ഞു